പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 908 30.6.2011 - ലെ മറുപടിക്ക്

## ചേലക്കര മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിലെ എസ്.എം.ടി. ഗവൺമെന്റ് എച്ച്.എസ്.എസ്., വരവൂർ ഗവൺമെന്റ് എച്ച്.എസ്.എസ്., പാമ്പാടി ഗവൺമെന്റ് എച്ച്.എസ്.എസ്., പഴയന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്., ദേശമംഗലം ഗവൺമെന്റ് ഐ.ടി.ഐ., പഴയന്നൂർ ഐ.എച്ച്. ആർ.ഡി കോളേജ് ഓഫ് അപ്ളൈഡ് സയൻസ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | (എ) | ചേലക്കര നിയോജക മണ്ഡലത്തിലെ എസ്.എം.ടി. ജി. എച്ച്. എസ്.എസ്., വരവൂർ ജി. എച്ച്.എസ്.എസ്, പാമ്പാടി ജി. എച്ച്. എസ്.എസ്, പഴയന്നൂർ ജി.എച്ച്.എസ്.എസ് , ദേശമംഗലം ഗവൺമെന്റ് ഐ.ടി.ഐ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണങ്ങൾ ആരംഭിച്ചിട്ടില്ല. പഴയന്നൂർ ഐ.എച്ച്.ആർ.ഡി കോളേജിന്റെ അപ്ളൈഡ് സയൻസ് ബ്ളോക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്പോൾ അവ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് പറയാമോ; | (ബി) | ചേലക്കര എസ്.എം.ടി. ജി. എച്ച്.എസ്.എസ്., വരവൂർ ജി. എച്ച്.എസ്.എസ്, പാമ്പാടി ജി. എച്ച്.എസ്.എസ്, പഴയന്നൂർ ജി.എച്ച്.എസ്.എസ് എന്നീ സ്കൂൾ കെട്ടിടങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു; ദേശമംഗലം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് ചീഫ്ആർക്കിടെക്ട് പരിശോധിച്ചുവരുന്നു. പഴയന്നൂർ ഐ.എച്ച്. ആർ.ഡി അപ്ളൈഡ് ബ്ളോക്കിന്റെ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. |

---

| | | | |
|---|---|---|---|
| (സി) | ക്ലാസ്മുറികളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും കുറവ് കുട്ടികൾക്ക് വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇക്കാര്യം പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ സമയപരിധി നിശ്ചയിച്ച പ്രകാരം പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | സമയപരിധി നിശ്ചയിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ